# യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്

## ആഭ്യന്തര ഓഡിറ്റ് വിഭാഗം (ഫിനാൻസ് ബ്രാഞ്ച്)

### CCSIT-പുല്ലൂട് -ഓഡിറ്റ് റിപ്പോർട്ട്-2018

ആഭ്യന്തര ഓഡിറ്റ് വിഭാഗം 5.12.2018,6.12.2018 എന്നീ തിയ്യതികളിലായി CCSIT പുല്ലൂട് സെന്ററിൽ കണക്കുപരിശോധന നടത്തിയിരുന്നു.അതിന്റെ കണ്ടെത്തലുകൾ താഴെ കൊടുക്കുന്നു..

ഓഡിറ്റ് വിങ് ടീം :

സെക്ഷൻ ഓഫീസർ :**രജനീദേവി.പി.കെ.**

അസ്സിസ്റ്റന്റ്സ് :**സത്യനേശൻ.സി**

**മനോജ്കുമാർ.ടി**

അസ്സോസിയേറ്റ് കോഓർഡിനേറ്റർ :**മാക്സ്‌വെൽ .എൻ .കെ.**

അഡ്മിനിസ്‌ട്രേറ്റീവ് ഓഫീസർ: **സുനിൽ**

സെന്ററിൽ Msc, MCA എന്നീ രണ്ടു കോഴ്സുകളാണ് നടത്തുന്നത്.

**ക്യാഷ് ബുക്ക് :**ക്യാഷ് ബുക്ക് പരിശോധിച്ചതിൽ 23.11.2018 ഇൽ ക്യാഷ് ബുക്കിലും ബാങ്ക് സ്റ്റെമെന്റിലും 63048 രൂപയാണ് കാണുന്നത്. ക്യാഷ് ബുക്കിൽ സിൽ വച്ചിട്ട് മേലൊപ്പ് വച്ചിരിക്കുന്നത് ഒരേ ഉദ്യോഗസ്ഥനല്ല എന്നാണ് കാണുന്നത്. അസ്സോസിയേറ്റ് കോർഡിനേറ്ററുടെ സിൽ വച്ചിട്ട് അഡ്മിനിസ്‌ട്രേറ്റീവ് ഓഫീസർ മേലൊപ്പ് വച്ചതായിട്ടു കാണുന്നു. ഇത് ശ്രദ്ധിക്കേണ്ടതാണ്.ക്യാഷ് ബുക്കിലെ പയ്മെന്റ് സൈഡിൽ ക്ലോസിങ് ബാലൻസ് കാണിക്കേണ്ടതാണ്. ചെക്ക് സ്ലിപ്പിൽ രേഖപ്പെടിത്തിയിരിക്കുന്ന ചെകിന്റെ ദിവസവും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്ന ദിവസവും ഒരേ ദിവസമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.ഒരോ മാസവും ക്യാഷ് ബുക്കും ബാങ്ക് സ്റ്റെമെന്റും തമ്മിൽ ക്രമപ്പെടുത്തിയാൽ മതിയാകും.

**ബാങ്ക് അക്കൗണ്ട് :**സ്ഥാപനത്തിലെ പണമിടപാടുകൾ SBI കൊടുങ്ങല്ലൂർ ബ്രാഞ്ചിലെ A/C No.57011122708 വഴിയാണ് നടത്തുന്നത്.

**PA രജിസ്റ്റർ:** സ്ഥാപനത്തിലെ PA അലോട്ട്മെന്റ് 20,000 രൂപയാണ്.7.11.2018ഇൽ ബാലൻസ് 9599 രൂപയാണ് രെജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്

**കോഷൻ ഡെപ്പോസിറ്റ രജിസ്റ്റർ** :പ്രസ്തുത രജിസ്റ്റർ പരിശോധിച്ചതിൽ, 2015 വർഷത്തിൽ പ്രവേശനം നേടിയ 5 കുട്ടികളുടെ കോഷൻ ഡെപ്പോസിറ്റ തുകയായ 5000 രൂപ തിരിച്ചു കൊടുക്കാനുള്ളതായിട്ടു കാണുന്നു. CD രജിസ്റ്റർ നല്ല രീതിയിൽ സൂക്ഷിക്കുന്നുണ്ട് .

**അഡ്മിഷൻ രജിസ്റ്റർ** : രജിസ്റ്റർ പരിശോധിച്ചതിൽ 2018 വർഷത്തിൽ MSc കോഴ്സിന് പ്രവേശനം നേടിയതു 4 കുട്ടികളാണ്. MCA കോഴ്സിന് 2018 ഇൽ പ്രവേശനം നേടിയത് 12 കുട്ടികളാണ്.MSc കമ്പ്യൂട്ടർ സയൻസ് കോഴ്സ് 4 സെമസ്റ്റർ ആയിട്ടാണ് നടത്തുന്നത്.ആകെ സീറ്റുകൾ 24 ആണ്.MCA കോഴ്സ് 6 സെമസ്റ്റർ ആയിട്ടാണ് നടത്തുന്നത്.ആകെ സീറ്റുകൾ 30 ആണ്.പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ വളരെയധികം കുറവ് അനുഭവപ്പെടുന്നു.

**ഇ-ഗ്രാന്റ്സ് രജിസ്റ്റർ** : പ്രസ്തുത രജിസ്റ്റർ പരിശോധിച്ചതിൽ 2017 ഇൽ MCAക്കു പ്രവേശനം നേടിയ സാന്ദ്ര.എ. വി . എന്ന കുട്ടിക്ക് ഫീസിനത്തിൽ അടച്ച 30965 രൂപ തിരിച്ചുകൊടുക്കുവാനുണ്ട്.ഈ കുട്ടി പ്രവേശനം നേടിയ സമയത്ത് സെമസ്റ്റർ ഫീസായി 20000 രൂപയും, പ്രവേശന ഫീസായി 10000 രൂപയും, സ്പെഷ്യൽ ഫീസായി 965 രൂപയും അടച്ചതാണ്.3 കുട്ടികളുടെ ഇ-ഗ്രാന്റ്സ് തുകയായ 159255 രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ വന്നെങ്കിലും അഡ്മിനിസ്‌ട്രേറ്റീവ് ഓഫീസറുടെ ക്ലറിക്കൽ തെറ്റ് മൂലം പരീക്ഷ ഫീസായിട്ടുള്ള 6360 രൂപ മാത്രം കൊടുക്കുകയും സാന്ദ്രക്ക കൊടുക്കുവാനുള്ള തുകയുൾപ്പെടെ 152895 രൂപ യൂണിവേഴ്സിറ്റി ഫണ്ടിൽ അടക്കുകയാണുണ്ടായത്. അതുകൊണ്ടു സാന്ദ്ര എ.വി. എന്ന കുട്ടിക്ക് കൊടുക്കുവാനുള്ള തുക കൊടുത്തു തീർക്കാനുള്ള നടപടികൾ എടുക്കേണ്ടതാണ്.

**അക്സെഷൻ രജിസ്റ്റർ:** അക്സെഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 2547 പുസ്തകങ്ങൾ ഉള്ളതായിട്ടു കാണുന്നു.ലൈബ്രറിയിൽ നിന്നും 141 ബുക്കുകൾ, 38916 രൂപ വില വരുന്നത് നഷ്ടപ്പെട്ടിട്ടുണ്ട്. അതുപോലെ 16 ബുക്കുകൾ 6020 രൂപ വില വരുന്നത് ,ഉപയോഗശൂന്യമായിട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**ആൻസർ ഷീറ്റ് രജിസ്റ്റർ** :രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.9.1.2017വരെ മാത്രമേ രെജിസ്റ്ററിൽ ഷീറ്റുകളുടെ എണ്ണം രേഖപ്പെടുത്തിയതായിട്ടു കാണുന്നുള്ളൂ.ഓരോ പരീക്ഷക്കും നൽകിയിട്ടുള്ള ആൻസർ ഷീറ്റുകളുടെ എണ്ണവും അതിന്റെ സീരീസും ക്രമത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

**പൊതുവായ കാര്യങ്ങൾ**: സ്ഥാപനം **KKTM GOVT. COLLEGE**ന്റെ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വാടകയിനത്തിൽ 5000 രൂപ കോളേജിൽ അടക്കുന്നുണ്ട് .

CU Campus Suresh K.K

0

7.1.2019 FINANCE OFFICER